# ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

(ISO 9001:2015)
ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് ഓഫീസ്, എകരൂൽ.പി. ഓ, കോഴിക്കോട് ജില്ല, കേരളം,
പിൻ 673574
ഫോൺ : 04962647065, ഇ-മെയിൽ : unnikulamgp@gmail.com

നമ്പർ : 400967/PTAL06/GPO/2024/3474 തീയതി : 03.06.2024

പ്രേഷകൻ
സെക്രട്ടറി
ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്
ബഹു: ഇൻറ്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ് ,
കോഴിക്കോട്

സർ,

| | |
|---|---|
| വിഷയം :- | തദ്ദേശ സ്വയംഭരണ വകുപ്പ് -കോഴിക്കോട് ജില്ല -ഉണ്ണികുളം ഗ്രാമപഞ്ചായത്ത് -11/500-B നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി അടവാക്കുന്നത് സംബന്ധിച്ച് |
| സൂചന :- | 1) ഇൻറ്റേണൽ വിജിലൻസ് ഓഫീസർ തദ്ദേശ സ്വയംഭരണ വകുപ്പ് ,കോഴിക്കോട് എന്നവരുടെ നിർദേശം |

മേൽ നിർദേശ പ്രകാരം ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2012-2013 വർഷത്തെ ഡിമാന്റ് റെജിസ്റ്റർ പ്രകാരം അഷ്‌റഫ് ചിരുതൻ കണ്ടി എന്നവരുടെ ഉടമസ്ഥതയിൽ പഴയ വാർഡ് നമ്പർ 2/317-A , 2/316-B എന്നീ കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു . ആയതിൽ 2/317-A നമ്പർ നിലവിൽ സഞ്ചയ രേഖകൾ പ്രകാരം മറിയം തട്ടാരു പറമ്പിൽ എന്നവരുടെ ഉടമസ്ഥതയിലാണ് ആയതിന്റെ പുതിയ കെട്ടിട നമ്പർ 11/570 എന്നതും ആയതിന് ശ്രീ മറിയം തട്ടാരു പറമ്പിൽ എന്നവരുടെ പേരിൽ 2023-24 വർഷം വരെ നികുതി അടവാക്കിയിട്ടുള്ളതുമാണ്. 2010-11 വർഷത്തിലെ സപ്ലിമെന്ററി അസ്സസ്മെന്റ് റെജിസ്റ്റർ പ്രകാരം 2/316-B നമ്പറിൽ അഷ്‌റഫ് ചിരുതൻ കണ്ടി എന്നവരുടെ ഉടമസ്ഥതയിൽ 2 മുറി , അടുക്കള , ഡൈനിങ് ഉള്ള 111.22 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ടെറസ്സ് വീട് ആണെന്ന് കാണുന്നു .എന്നാൽ അപേക്ഷകൻ ഹാജരാക്കിയ രേഖകൾ പ്രകാരം 207.85 ചതുരശ്ര മീറ്ററിന് കെട്ടിട നിർമ്മാണ ക്ഷേമ നിധി ബോർഡിലേക്ക് നിശ്ചിത തുക അടവാക്കിയിട്ടുള്ളതുമാണ് . 2/316-B നമ്പർ പ്രകാരം സഞ്ചയ രേഖകളിൽ കെട്ടിടം നിലവിൽ ഇല്ലാത്തതുമാണ് .

2/316-B നമ്പർ പ്രകാരമുള്ള വിവരങ്ങൾ അപേക്ഷകനെ കാണിച്ചിട്ടുള്ളതും എന്നാൽ പ്രസ്തുത വീട് മറ്റൊരാൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ് എന്നും തങ്ങൾ നിർമ്മാണം നടത്തി പ്ലാൻ സമർപ്പിച്ചത് ഇരുനില ടെറസ്സ് വീടിനാണെന്നും വാക്കാൽ അറിയിക്കുകയുണ്ടായിട്ടുള്ളതുമാണ്.2011-2012 വർഷത്തെ പെർമിറ്റ് റെജിസ്റ്റർ പരിശോധിച്ചതിൽ പേജ് നമ്പർ 68 ൽ സീരിയൽ നമ്പർ 36 ആയി 4196/11-12 നമ്പർ പ്രകാരം ശ്രീ അഷ്റഫ് ചിരുതൻ കണ്ടി എന്നവരുടെ പേരിൽ റിസർവ്വെ നമ്പർ 6/2 ൽ താമസ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതായി കാണുന്നതും ആയതിന് 755/- രൂപ പെർമിറ്റ് ഫീസ് അടവാക്കിയതായും കാണുന്നു . മേൽ പറഞ്ഞ വിവരങ്ങൾ അല്ലാതെ 2010 മുതൽ പഞ്ചായത്തിൽ ലഭ്യമായ ന്യൂ ബിൽഡിങ് കൺസ്ട്രക്ഷൻ റെജിസ്റ്റർ ,അസ്സസ്മെന്റ് റെജിസ്റ്റർ , ഡിമാൻഡ് റെജിസ്റ്റർ പരിശോധിച്ചതിൽ മറ്റൊരു നമ്പറിലും അപേക്ഷകന്റെ പേരിൽ കെട്ടിടം ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ് .സാങ്കേതിക വിഭാഗത്തിലെ സ്ഥല പരിശോധന റിപ്പോർട്ട് പ്രകാരം നിലവിൽ അപേക്ഷകന്റെ വീടിന് 264.43 തറ വിസ്തീർണ്ണവുമുണ്ട് എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

UNNIKULAM GRAMA PANCHAYAT * P.O. EKAROOL-673574 *

Rajan

സെക്രട്ടറി

ഉണ്ണികുളം ഗ്രാമപഞ്ചായത്ത്